ഊരള്ളൂർ എം യു പി സ്കൂൾ

ഊരള്ളൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ Std I

വിഷയം : മലയാളം

സമയം : ജൂൺ to മാർച്ച്

**പ്രവർത്തനങ്ങൾ**

1. **വായനോത്സവം**

ലക്ഷ്യങ്ങൾ - ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക. രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. വീടുകളിൽ ലൈബ്രറി സജ്ജീകരിക്കുക.

2. **സംയുക്ത ഡയറി**

ലക്ഷ്യങ്ങൾ - കുട്ടികളുടെ സ്വതന്ത്ര രചനശേഷി വികസിപ്പിക്കുക. കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യത്തിൽ രേഖപ്പെടുത്തുക. അമ്മയുടെ സഹായത്തോടു കൂടി കുട്ടി എഴുതുന്ന പ്രവർത്തനം.

3. **3. പാട്ടരങ്ങ്**

ലക്ഷ്യങ്ങൾ - പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു. കുട്ടികളിലെ താളബോധ വികാസത്തിന് ഊന്നൽ നൽകുന്നു.

## വിഷയം : ഗണിതം

**പ്രവർത്തനങ്ങൾ**

ഗണിതകേളികൾ : (ജൂൺ to മാർച്ച്)

മഞ്ചാടി സഞ്ചി : (ജൂൺ to മാർച്ച്)

1. ക്ലാസ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിതകേളികൾ നടത്തുന്നു. ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാൻ കഴിയുന്നു.

## വിഷയം : English

**Objectives**

- All learners get interested in English learning.
- All engage in games and group level activities.

**Activities**

- Engaging learners in activity by playing games.
- Helping learners listen and understand by reading short stories or playing audio clips then asking simple questions about the content to check understanding

## പരിസരപഠനം

സമയം : ജൂൺ to മാർച്ച്

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
- തന്റെ പരിസരവുമായി ഇഴുകിചേർന്ന് പഠിക്കുക.

**പ്രവർത്തനങ്ങൾ**

- പ്രകൃതിനടത്തം നിരീക്ഷണങ്ങൾ (മരങ്ങൾ, പൂക്കൾ, ചെടികൾ, പക്ഷികൾ)
- ആൽബം നിർമ്മാണം (പക്ഷികൾ, തൂവലുകൾ, പൂക്കൾ)
- ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ :- ഊരള്ളൂർ M.U.P

ക്ലാസ് :- II

ക്ലാസ് ടീച്ചർ :-

ഉപജില്ല :-

ജില്ല :-

## ആമുഖം

ഊരള്ളൂർ M.U.P സ്കൂളിലെ 2025-2026 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 1. മധുരം മലയാളം

ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു. സർഗ ശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു. ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

CPTA യിൽ അവതരണം - ജൂൺ ആദ്യ വാരം.

## 2. സംയുക്ത ഡയറി

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു

സ്വതന്ത്ര രചന വളരുന്നതിന്, ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്.

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു – ജൂൺ ആദ്യ വാരം.

ടീച്ചർ പരിശോധിച്ച് വിലയിരുത്തൽ.

## 3. പാട്ടരങ്ങ്

താളം മനസ്സിലാക്കി പാഠ ഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും ചൊല്ലുന്നു. ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് ~~ഭാഷാ പ്രവർത്തനങ്ങൾ~~ പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

SRG യിൽ അവതരിപ്പിക്കുന്നു.

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ
സെപ്റ്റംബർ മുതൽ എല്ലാ മാസവും.

## 4. റീഡേഴ്സ് തിയേറ്റർ.

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു. പാഠ പുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.
ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന ഭാവാത്മക വായന തുടങ്ങിയ തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠ ഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാല സാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ തന്ത്രം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.
ജൂലൈ മുതൽ മാർച്ച് വരെ.

## 5. ക്ലാസ് പത്രം

ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
രചനാ ശേഷി പരിപോഷിപ്പിക്കുന്നു. വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു.
സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു.
ദൈനം ദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു
CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു (ജൂണിലെ അവസാനം)

6. രചനോത്സവം

എല്ലാ കുട്ടികളെയും സ്വതന്ത്ര രചനയിലേക്ക് എത്തിക്കുന്നു
മുഴുവൻ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ്
പുലർത്തുന്നു.
രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്ര-
ങ്ങൾ ഉപയോഗപ്പെടുത്തുന്നു. കൃത്യമായ ഇടവേളകളിൽ
ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
SRG യിൽ അംഗീകാരം വാങ്ങുന്നു.
പ്രതിമാസ രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി
വരെ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം - std-2

### ആമുഖം

ഗണിതപഠനം ആകെ രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് കൊണ്ട് മുന്നിൽ കണ്ടുകൊണ്ടു തന്നെയാണ് 'ഉല്ലാസഗണിതം' പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ്. അക്കാദമിക മാസ്റ്റർപ്ലാൻ. ഗണിതപ്രവർത്തനത്തിലൂടെ തൽപരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കേണ്ടത്

### പ്രവർത്തനലക്ഷ്യങ്ങൾ

രണ്ടാംക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം, എന്നിങ്ങനെയുള്ള ശേഷിയിലെത്തിക്കൽ ..

* സംഖ്യാബോധവും, ക്രിയാശേഷികളും മെച്ചത്തിൽ നേടിയെടുക്കുന്നതിന് ..
* ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കാൻ.
* നിശ്ചിതസംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100ൽ താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിലെത്തിച്ചേരൽ

* [illegible] പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

<u>മുന്നൊരുക്കം</u>

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.
--- <u>പ്രവർത്തനലക്ഷ്യം</u>.
* പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ
* 1, 2, 3, 4 ...
* 1, 3, 5, 7 ----
* 10, 20, 30, ----
* 5, 10, 15 ----
* 2, 4, 6, 8 --- തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരുസംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്നുകുറച്ചാൽ തൊട്ടുപിന്നിലുള്ള സംഖ്യയും കിട്ടും എന്നുമുള്ള തിരിച്ചറിവുണ്ടാക്കൽ

<u>ജൂലൈ</u>

* ഒരു കൂട്ടം വസ്തുക്കളോട് അതേയിനത്തിൽപ്പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിതകിറ്റ് എല്ലാകുട്ടികളിലുമെത്തിക്കൽ
* 10ന്റെയും ഒന്നിന്റെയും ചേർത്ത് അങ്കങ്ങൾ രൂപീകരിക്കൽ (5+5=10), (10+10=20)

ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
* 99നോട് ഒന്നുകൂട്ടിയാൽ 100
* 10 പത്തുകൾ ചേർന്നാൽ 100
* 100 ഒന്നുകൾ ചേർന്നതാണ് 100
* ഓരോ സംഖ്യകളെയും പ്രായോഗികഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

* സെപ്റ്റംബർ
  * ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
  * വിലവിവരപ്പട്ടികതയ്യാറാക്കൽ
  * ക്ലാസിലൊരുകട, സ്കൂളിലൊരുകട : ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പുവരുത്തൽ

ഒക്ടോബർ

* രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ(പാറ്റേണുകളിലെ സംഖ്യകൾ തമ്മിൽ നിശ്ചിതബന്ധമുണ്ടെന്നു കണ്ടെത്തൽ
* പ്രായോഗികപ്രശ്നങ്ങൾ ഉണ്ടാക്കൽ)

5-10---15--20---25--- (5 വീതം കൂട്ടിയാൽ;
പ്രശ്നങ്ങൾ വിശകലനം ചെയ്യാം

<u>നവംബർ</u>

* സ്ഥാനവില തിരിച്ചറിയൽ 1, 10
* പ്രായോഗികപ്രശ്ന പരിഹാരത്തിനായി കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടിതയ്യാറാക്കി സംഖ്യ പറയുതൽ
* 'ക്ലാസിനൊരു കളി' യിലൂടെ നിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
  10 രൂപ + 5 രൂപ = 15 രൂപ നോട്ടാണ്യം

<u>ഡിസംബർ</u>

* സംഖ്യാബോധം തിരിച്ചറിഞ്ഞ് സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവിലപ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവിലപോക്കറ്റ്, അബാക്കസ്. നിർമ്മിക്കൽ.)
* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികളുപയോഗിക്കുന്നു.

<u>ജനുവരി</u>

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നനിർധാരണം ചെയ്ത് തുകകണ്ടെത്തൽ രീതികൾ

* സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

<u>ഫിബ്രവരി</u>

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളക ളിൽ ഗണിതലാപനം നടത്തൽ
* ഉല്ലാസഗണിതം MATERIALS ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ

ഗണിതപഠന കളികളിലൂടെ ശീലിച്ച് ഗണിത പഠനത്തിൽ വിജയം കൈവരിക്കൽ.

<u>മാർച്ച്</u>

* കലണ്ടർപതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്നതും കറുത്തതുമായ അക്കങ്ങൾ തിരിച്ചറിവ്
* മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
* ഗണിതാശയങ്ങൾ പ്രായോഗികപ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായിക്കഴിയുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# ക്ലാസ്സ് III

## ഗണിതം :- മാസ്റ്റർ പ്ലാൻ

### ആമുഖം :-

- ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വന്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുന്നവരാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. അതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപ കല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

### ലക്ഷ്യങ്ങൾ :-

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും രസകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കുക
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക., ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന

### പ്രവർത്തന പദ്ധതികൾ

◆ ജൂൺ -

ഗണിത വിജയം കളികൾ

- സംഖ്യകൾ എഴുതിയ നമ്പർ കാർഡുകൾ കുട്ടികൾക്ക് നൽകുന്നു (ഓരോരു
- കിട്ടിയ സംഖ്യ വായിക്കുന്നു.
- മറ്റുള്ളവർ സംഖ്യ എഴുതുന്നു
- തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാനവസരം
- ആരോഹണ, അവരോഹണങ്ങളിൽ പറയുന്നു, എഴുതു

◆ ജൂലായ് :-

- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു

- അതിനനുസൃതമുള്ള സംഖ്യകൾ എഴുതുന്നു (10 എണ്ണം)
- ഇവയെ കളിനോട്ട് ഉപയോഗിച്ച് 1, 10, 100, ന്റെ കൂട്ടങ്ങളാക്കി മാറ്റുന്നു
- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം (B.B)
- ഗ്രൂപ്പിൽ B.Bയിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു

**ആഗസ്റ്റ്:-**

- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.
- 100 വീതം കൂട്ടി 1000 വരെ പറയുന്നു

**സെപ്തംബർ:-**

- സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു
- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം എന്നിവ കണ്ടെത്തുന്നു.
- ക്രിയ ചെയ്യുന്നു.

**ഒക്ടോബർ:-**

- ഗണിത വിജയം കളികൾ (തുടർച്ച)
- അധ്യാപിക B.Bയിൽ സംഖ്യ എഴുതുന്നു
- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകൽ.
- ക്രിയ ചെയ്ത് അതിന്റെ ഉത്തരമാണ് B.Bയിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

**നവംബർ:-**

- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു
- കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി കളിക്കുന്നു.

+ ഡിസംബർ:-

- വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ
- ഗണിതാശയ രൂപീകരണം നടത്തൽ
- അനുഭവങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത തരം സന്ദർഭങ്ങൾ ഉണ്ടാക്കൽ
- ഗണിത കേളികളിൽ ഏർപ്പെടുന്നു.

+ ജനുവരി:-

- കച്ചവട കളി (ക്ലാസിൽ)
- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ etc. ഇവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു
- കറൻസി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി കളിക്കുന്നു.
- സാധനം വാങ്ങുകയും പണം കൈമാറ്റം ചെയ്യുകയും ചെയ്യുന്നു
- പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

+ ഫെബ്രുവരി:-

- പ്രായോഗിക പ്രശ്ന പരിഹരണം നടത്തുന്നു
- ത്രാസ്, അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

+ മാർച്ച്:-

- ഗണിത വിജയ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തൽ
- CPTA നടത്തുന്നു.
- മികവുകൾ, പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു

# മലയാളം: മാസ്റ്റർ പ്ലാൻ

## ആമുഖം:-

കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ അദ്ധ്യാപകരും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യം:-

+ ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ. (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)

## പ്രവർത്തന പദ്ധതികൾ:-

### ജൂൺ

- വിജയ സ്പർശം
- പ്രീ ടെസ്റ്റ് നടത്തുന്നു.
- അവലോകനം നടത്തൽ
- വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.
- സി.പി.ടി.എ. മീറ്റിംഗ് നടത്തുന്നു.

### ജൂലായ്

- ചിത്രം വീഡിയോ കാണിക്കുന്നു.
- വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു
- ഓരോന്നിന്റെയും പേരുകൾ പറയുന്നു. എഴുതുന്നു (പദസൂര്യൻ)
- മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു.

ആഗസ്റ്റ്

- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും, കാണാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു.
- കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു, എഴുതുന്നു
- വാക്യങ്ങൾ നിർമ്മിക്കുന്നു.

+ സെപ്തംബർ :-

- കഥ അവതരിപ്പിക്കുന്നു.
- ചോദ്യങ്ങൾ - ഉത്തരങ്ങൾ കണ്ടെത്തുന്നു.
- കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു, പേര് എഴുതുന്നു.

+ ഒക്ടോബർ :-

- വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ
- ചിത്രം നോക്കി പേര് എഴുതൽ
- "മല, വലിയ മല, മരങ്ങളുള്ള വലിയ മല"
- ഇത് പോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ

+ നവംബർ :-

- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ICT - ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ
- പരിചിതമായ വാക്യങ്ങൾ, ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു

+ ഡിസംബർ :-

- ലളിതമായ വായനാകാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ
- സ്വയം വായിക്കാനുള്ള അവസരം നൽകൽ

◆ ജനുവരി:-

- അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.
- കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

◆ ഫെബ്രുവരി:-

- കഥാ ചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.
- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
- കഥാ പതിപ്പ് തയ്യാറാക്കുന്നു.

◆ മാർച്ച്:-

- CPTA നടത്തുന്നു.
- വായനയിലും, എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു.

# പരിസര പഠനം:- മാസ്റ്റർ പ്ലാൻ

## ആമുഖം:-

- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത് പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട് പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻ മാരാക്കി മാറ്റുക.

## ലക്ഷ്യം.

- പരിസരത്തിനോട് സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- കുട്ടികളെ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

## പ്രവർത്തന പദ്ധതികൾ

+ ജൂൺ - ജൂലായ്
  - പ്രീടെസ്റ്റ്
  - അവലോകനം
  - പ്രകൃതി നടത്തം (
  - ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
  - പ്രത്യേകതകൾ മനസിലാക്കൽ
  - വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
  - ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച

- സ്കൂൾ പച്ചക്കറി തോട്ടം നിർമ്മാണം (പരിസ്ഥിതി ദിനം)
- പരിപാലനം
- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ
- പരിസര മലിനീകരണം (ചർച്ച) ശബ്ദ മലിനീകരണം, ജല മലിനീകരണം.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

+ ജൂലായ് - സെപ്തംബർ:

- ദിനകൃത്യങ്ങൾ
- ഓരോ ദിനവും ചെയ്യേണ്ട കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- ദിവസ പരിശോധന - ചുമതലക്ക് ഗ്രൂപ്പുകളാക്കുന്നു
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം, ക്ലാസ്സും, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- പരിസരങ്ങളിൽ പതിക്കുന്നു.

+ ഒക്ടോബർ - ഡിസംബർ:

- ഫീൽഡ് ട്രിപ്പ്
- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, പുഴ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു
- പരിസരങ്ങളിൽ പതിക്കുന്നു.

+ ജനുവരി - മാർച്ച്

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.
- പക്ഷി നിരീക്ഷണത്തിന് അവസരം
- പച്ചത്തുരുത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം.

English - Master plan

AIM:-

- To speak, Read & write English with out any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July

- Pre test
- To develop listening skills and reading skills.

Listening skills:-

- Games, Action songs.
- Hello English Activities
- conversations
- Skit stories, use ICT

Speaking skills:-

- Identify the naming words from the picture
- Identify the action words from the same picture.
- Make the simple sentences using the action word about the picture
- Make simple description about the picture

- Growing sentences picture reading self introductions.

- August and september
  - Develop the creative speaking and writing

Reading skills
- Books reading
- Find words
- collect and read past tense
- Rhyming words
- T.B Activities

Writing skills
- make word web
- picture description
- Word chain
- Make words & sentences
- Make riddles, conversations
- Add more lines.

- October and november
  - To express thoughts, feelings etc....

Reading skills
- Library book reading
- Conversations, skit, stories, use ICT
- Read notice
- Develop story

Writing skills
- Description
- Thoughts

- December and January.

  - Develop the creative speaking and writing.

Reading skills

- Library books reading
- Conversations, skit stories use ICT
- Develop story
- Reads dairy

Writing skills

- Dairy
- Announcement

- February and march

  - To improve the presentation power.

Reading skills

- Library books reading
- Conversations, skit stories
- Develop story.

Writing skills:-

- Dairy
- Descriptions
- Thoughts
- Exibition.

# <u>മലയാള ഭാഷ (Std IV)</u>

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ | ഭാഷാ പരമായി<br>പിന്നോക്കം നിൽക്കു<br>ന്നവർക്ക് പ്രത്യേകം<br>പരിശീലനം സംഘ<br>ടിപ്പി ക്കൽ. ആവശ്യ<br>മായ സാമഗ്രികൾ<br>ഒരുക്കൽ | ലക്ഷ്യം നേടുന്ന<br>തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി<br>വളർത്തൽ | ക്ലാസ് വായനാ<br>കൂട്ടം.<br>ക്ലാസ് ലൈബ്രറി<br>ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക<br>വായന | വർഷം<br>മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോ<br>ഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ<br>നിന്നും പഠനപ്ര<br>വർത്തനങ്ങളിൽ<br>നിന്നും നേടിയ<br>ശേഷികൾ | പ്രതിമാസം<br>(വർഷം മുഴു<br>വൻ) | SRG<br>Class Teacher | PTA |

അക്കാദമിക് മാസ്റ്റർ പ്ലാൻ

സാമൂഹ്യശാസ്ത്രം

class : 5

2025-26

# അടിസ്ഥാന വിവരങ്ങൾ.

സ്കൂളിന്റെ പേര് : ഊരള്ളൂർ MUP സ്കൂൾ

ക്ലാസ് : 5-ാം തരം

വിഷയം : സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ.

- പഠിതാക്കൾ തന്റെയും സഹപാഠിയുടെയും സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന് പഠിതാക്കൾ വിവിധ ജീവിത പശ്ചാത്തലം മനസിലാക്കുന്നതിലൂടെ ശിശു സൗഹൃദ സ്കൂൾ പഠനാനുഭവങ്ങൾ വികസിപ്പിക്കാൻ സാധിക്കും
- സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കാൻ, നേടിയെടുക്കാൻ
- പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.
- ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക.
- പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.
- സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും

വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

- സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു
- സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തിക്കുന്നു.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## പ്രവർത്തനങ്ങൾ.

1. പീലിയുടെ ഗ്രാമം → ഗ്രാമത്തിന്റെ ചിത്രീകരണം
   → സ്വയം പരിചയപ്പെടുത്തൽ
   → യാത്രാ ഗാനം ശേഖരിക്കൽ
   → നാടൻ വിഭവങ്ങൾ പ്രദർശനം
   → ഓല കൊണ്ട് വസ്തു നിർമ്മാണം ക്ലാസിൽ പ്രദർശനം
   → എന്റെ രാത്രിയും ആകാശവും ചിത്ര പ്രദർശനം
   → എന്റെ നാട്ടിലെ ഉല്ലാസങ്ങൾ സെമിനാർ
   → ഗ്രാമത്തിലേക്കൊരു യാത്ര ഫീൽഡ് ട്രിപ്പ്.

2. ഭക്ഷണവും മനുഷ്യരും → സുഗന്ധ വ്യഞ്ജനങ്ങൾ പതിപ്പ് തയ്യാറാക്കൽ
   → തിരിച്ചറിയൽ കാർഡ് നിർമ്മാണം.

→ ഭക്ഷ്യദിനസന്ദേശം പ്ലക്കാർഡ് നിർമ്മാണം

→ യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം ചിത്രപ്രദർശനം, ICT

→ മാർക്കറ്റ്, ഹോട്ടൽ, സന്ദർശനം

→ ആരോഗ്യകരമായ ഭക്ഷണശീലം അഭിമുഖം.

3. തൊഴിൽ വൈവിധ്യങ്ങൾ → ചുറ്റുപാടുകളിലെ വീടുകൾ സന്ദർശിച്ച് വരുമാനസ്രോതസ് കണ്ടെത്തുക വിവരശേഖരണം

→ തൊഴിൽ ചിത്ര ആൽബം

→ സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം.

4. വസ്ത്രത്തിന്റെ നാൾവഴികൾ → വ്യത്യസ്ത വസ്ത്ര പ്രദർശനം

→ വസ്ത്ര നിർമ്മാണശാല സന്ദർശനം

→ വസ്ത്രങ്ങളുടെ ചിത്ര പതിപ്പ്

→ വസ്ത്ര ധാരണ രംഗത്തെ പുത്തൻ പ്രവണതകൾ സെമിനാർ

→ കലകളുടെ ആൽബം

→ വസ്ത്ര നിർമ്മാണം

5. വരയ്ക്കാം വായിക്കാം → ക്ലാസ് മുറിയുടെ സ്കെച്ച്

→ ജില്ലയുടെ തിരിച്ചറിയൽ കാർഡ്.

→ നവംബർ-1 കേരളപ്പിറവി ദിനാചരണത്തിന്റെ ഭാഗമായി കേരളം - ഭൂപടവായന പ്രശ്നോത്തരി മത്സരം

→ കേരളം നിർമ്മാണം.

6. ജനങ്ങൾ ഞങ്ങളാൽ → ഐ.ഡി കാർഡ് നിർമ്മാണം.

→ തിരഞ്ഞെടുപ്പ് ചിത്രങ്ങൾ ആൽബം നിർമ്മാണം

→ വാർഡുമെമ്പർ/ പഞ്ചായത്ത് പ്രസിഡന്റ് അഭിമുഖം

→ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ നിർമ്മാണം

→ സ്കൂൾ തെരഞ്ഞെടുപ്പ്

7. ഗതാഗത ആശയ വിനിമയ സംവിധാനങ്ങൾ → ജലയാത്ര

→ ജലസ്രോതസ്സ് സന്ദർശനം

→ സെമിനാർ- ഗതാഗതം മനുഷ്യജീവിതത്തെ മാറ്റിയത്

→ വാഹനങ്ങൾ, ജലഗതാഗത, റോഡ് ഗതാഗത വ്യോമ ഗതാഗത- ആൽബം

→ വാഹന മാതൃക പ്രദർശനം.

8. നാടറിയാം → പ്രാദേശിക ഭൂമിശാസ്ത്ര രേഖ

→ മലനാട് - ഇടനാട് - തീരപ്രദേശം കേരള ഭൂപ്രകൃതി നിർമ്മാണം

→ മണ്ണ് ശേഖരണം

→ കേരള ദുരന്തനിവാരണ അതോ

റിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശനം.

9. തുല്യതയിലേക്ക് → സാമൂഹിക - സാമ്പത്തിക അസമത്വങ്ങളും രാജ്യപുരോഗതിയും
- സെമിനാർ
→ സാമൂഹിക അസമത്വങ്ങൾക്കെതിരെ നടപ്പിലാക്കുന്ന പദ്ധതികൾ - പ്ലക്കാർഡുകൾ, പോസ്റ്ററുകൾ.

10. വിണ്ണിലെ വിസ്മയങ്ങളും മണ്ണിലെ വിശേഷങ്ങളും → ഗ്രഹങ്ങൾ,
സൂര്യൻ - ചിത്ര ശേഖരണം,
ആൽബം നിർമ്മാണം
→ ആകാശ നിരീക്ഷണം
→ ഡിജിറ്റൽ പ്രസന്റേഷൻ
→ സൗരയൂഥം → പതിപ്പ്
→ പ്ലാനിറ്റോറിയം യാത്ര.

11. നിയമവും സമൂഹവും → വിവിധ തരം കളികൾ
→ റോഡു സുരക്ഷ Skit
→ ചൈൽഡ് ലൈൻ - അഭിമുഖം
→ പോലീസ് സ്റ്റേഷൻ - സന്ദർശനം
→ സെമിനാർ - സൈബർ ലോകത്തെ ചതിക്കുഴികൾ.

യു.പി.അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക | 1. ശാസ്ത്ര ലാബ് നവീകരണം (Science Lab Renovation)<br><br>. ലാബ് ഇന്സ്ട്രുമെന്റുകളുടെ പുതുക്കൽ (അളവുകോപ്പുകൾ, സെൽസ്, മാഗ്നെറ്റ്, താപനിലമാപിനി etc).<br><br>. കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങൾ നടത്താനാകുന്ന രീതിയിൽ ലാബ് ടേബിൾ, വാട്ടർ സപ്പോർട്ട്, സെഫ്റ്റി ഗ്ലാസ് എന്നിവ ഉൾപ്പെടുത്തൽ.<br><br>. വിദ്യാർത്ഥികളുടെ പ്രായം അനുസരിച്ചുള്ള ലളിതപരീക്ഷണങ്ങൾക്കായുള്ള സജ്ജീകരണം. | ജൂൺ - ജൂലായ് | എസ്സ്.ആർ.ജി | പി.ടി.എ,മാനേജ്മെന്റ് |
| ക്ലാസ് റൂമിൽ വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കാനായി റഫറൻസ് ഉൾപ്പെടെയുള്ള പുസ്തകങ്ങൾ ഒരുക്കുക | 2. ശാസ്ത്ര ലൈബ്രറി (Science Library)<br><br>പ്രായത്തിനനുസൃതമായ ശാസ്ത്ര പുസ്തകങ്ങൾ, ശാസ്ത്ര കാഴ്ചപ്പാടുകൾ വർദ്ധിപ്പിക്കുന്ന കഥാപുസ്തകങ്ങൾ, ചിത്രപുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തുക.<br><br>. വിഡിയോ, പോസ്റ്റർ, ശാസ്ത്ര ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് ദൃശ്യാനുഭവം ഒരുക്കുക.<br><br>. മാസത്തിൽ ഒരിക്കൽ "ശാസ്ത്ര പുസ്തക വായനാ ദിനം" നടത്തുക. | ജൂൺ - ജൂലായ് - ആഗസ്ത് | എസ്സ്.ആർ.ജി | പി.ടി.എ,മാനേജ്മെന്റ് |
| ശാസ്ത്ര പരീക്ഷണങ്ങൾ ഏർപ്പെടുന്നതിനാവശ്യമായി ഓരോ കുട്ടികൾക്കും ഉപയോഗിക്കാൻ കഴിയുന്ന ശാസ്ത്ര | 3. ശാസ്ത്ര കിറ്റുകൾ (Science Kits)<br><br>. ക്ലാസ്സ്റൂമിൽ നേരിട്ട് പരീക്ഷണങ്ങൾ നടത്താൻ കഴിയുന്ന കിറ്റുകൾ (പ്രകാശം, ശബ്ദം, ഘടന, വൈദ്യുതി, ഇന്ധനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെ).<br><br>വിദ്യാർഥികൾക്ക് ഗ്രൂപ്പ് ആക്ടിവിറ്റികൾക്കായി വിവിധ | ജൂൺ - ജൂലായ് | എസ്സ്.ആർ.ജി | പി.ടി.എ,മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| ഉപകരണങ്ങളുടെ സെറ്റ് തയ്യാറാക്കുക | ലളിതമായ "ഡു-ഇറ്റ്-യോർസെൽഫ്" (DIY) കിറ്റുകൾ. | | | |
| ശാസ്ത്ര കൗതുകം വളർത്തുന്നതിനും ശാസ്ത്രബോധം വളർത്തുന്നതിനും കുട്ടികളെ പ്രേരിപ്പിക്കുന്ന തരത്തിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങൾ ക്ലാസ് റൂമിൽ തന്നെ ലഭ്യമാക്കുക | * 4. ശാസ്ത്രമുല (Scientific Thinking Foundation)<br><br>. കുട്ടികളിൽ ചോദ്യങ്ങൾ ഉന്നയിക്കുന്ന ശേഷി വളർത്തുക: എന്തുകൊണ്ട്? എങ്ങനെ? എന്ത് സംഭവിക്കും?<br><br>പരീക്ഷണശീലം, പരിശോധനാധിഷ്ഠിത പഠനം, കാരണഫലബന്ധം തിരിച്ചറിയൽ എന്നീ ശാസ്ത്രാഭിപ്രായങ്ങൾ വളർത്തുക.<br><br>ആഴത്തിലുള്ള ചിന്തയ്ക്ക് സാധ്യത നൽകുന്ന ആകർഷകമായ പ്രശ്നങ്ങൾ, വിശകലന പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ | ജൂൺ - ജൂലായ് | എസ്സ്.ആർ.ജി, ക്ലാസ്സ ടീച്ചർ | പഞ്ചായത്ത്,എസ്.എസ്.കെ |
| ക്ലാസ് റൂമിൽ ചെയ്യപ്പെട്ട വിവിധ ആശയങ്ങളുടെ ആവിഷ്കാരത്തിനുള്ള സാധ്യതകൾ ഒരുക്കുക | സപ്ലിമെന്ററി ആക്ടിവിറ്റികൾ:<br><br>ശാസ്ത്ര ദിനാഘോഷം (Science Day Celebration)<br><br>ക്ലാസ് ശാസ്ത്രമേള<br><br>ശാസ്ത്ര വാൾ മാഗസീൻ<br><br>ശാസ്ത്ര ചലച്ചിത്ര പ്രദർശനം | വർഷം മുഴുവൻ | എസ്സ്.ആർ.ജി | പി.ടി.എ,മാനേജ്മെന്റ്,എസ്.എസ്.കെ |
| ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര ക്യാമ്പ് | നവംബർ | എസ്സ്.ആർ.ജി | പി.ടി.എ,മാനേജ്മെന്റ്,എസ്.എസ്.കെ |
| ക്ലാസ്സ റൂം അറിവുകളുടെ വളർച്ച ഉറപ്പാക്കുക | ശാസ്ത്ര പഠനയാത്ര | ജനുവരി | എസ്സ്.ആർ.ജി | പി.ടി.എ. |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| മേഖല യു.പി. ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

എം. യു. പി സ്കൂൾ
ഉദാരമ്പ്ലൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അറബിക്

2025 – 26

# ഉമ്മത്തൂർ എം.യു.പി സ്കൂൾ
## അക്കാദമിക് മാസ്റ്റർ പ്ലാൻ- അറബി.

### ആമുഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബി ഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാ കുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്. നോബൽ പുരസ്കാര ജേതാവാണ് അറബി സാഹിത്യകാരനായ ഡോ: നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ "വീണപൂവ്" ശ്രീനാരായണ ഗുരുവിന്റെ "ദൈവദശകം" തുടങ്ങിയവ

"ചെമ്മീൻ" ബെന്യാമിന്റെ "ആടുജീവിതം" തുടങ്ങിയവ അറബി ഭാഷയിലും നമുക്കിന്ന് - ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റ് വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയനവും മുന്നോട്ട് പോകുന്നവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയത്രേ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യവസ്ഥാ വഴികൾ ഉണ്ടാക്കുകയെന്നത്. അറബി ഭാഷാ പഠനത്തിൽ ഉരുവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രൂപപ്പെടുത്തുകയും ചെയ്യുക. | <u>കൈത്താങ്ങ്</u><br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ. ചിത്രം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു.<br>ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | വസ്തുക്കൾ, കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. | <u>പുതിയ പദം പരിചയപ്പെടൽ</u><br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അറബി വാക്കുകൾ കഥ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | പുസ്തകങ്ങൾ, മാസികകൾ, സിഡികൾ. |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ ലഘു കവിതകൾ കഥകൾ. സംഭാഷണം. പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ക്ലാസടിസ്ഥാനം - തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ ചാർട്ടുകൾ. |
| ഓരോ മാസവും കുട്ടികൾ വായനാ താൽപര്യവും ഭാഷാശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാ മത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ, പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭേതിരം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പാഠങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | <u>യൂണിറ്റ് തല നിഘണ്ടു നിർമാണം.</u><br>ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | 6. മാസം | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി. | <u>സ്കൂൾ റേഡിയോ</u><br>കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു. | ഒരു വർഷം. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധ-വൽക്കരണം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാല-സഭ നടത്തണം | ജൂൺ മുതൽ മാർച്ച് വരെ. | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ-പഠനത്തിൽ ഐസിടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കൽ | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ്റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, അനിമേഷൻ മുതലായവയുടെ നിർമ്മാണവും ഉപയോഗവും. | ജൂൺ മുതൽ. | സ്കൂൾ. ഇന്റർനെറ്റ് സൗകര്യം; വെബ്സൈറ്റുകൾ. |

മേഖല - അക്കാദമികം

ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ടാൻ്റ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ<br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഗ്രഹിക്കുക.<br>* കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പറയിക്കുക<br>* ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>* എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തൽ<br>* സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ<br>* ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ സാധ്യത പ്രയോജനപ്പെടുത്തൽ | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു പരിമിതി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>പതിപ്പുകൾ<br>മാഗസിനുകൾ<br>രചനാ ശില്പശാലകൾ<br>സംസ്കൃത ദിനാചരണം<br>വായനമൂല<br>പദചാർട്ട്<br>ചോദ്യോത്തരചാർട്ട്<br>മാഗസിൻ നിർമ്മാണം<br>ദിനാചരണങ്ങൾ<br>പോസ്റ്റർ നിർമ്മാണം<br>കഥ, ഉപന്യാസം രചിക്കൽ<br>കഥ, കവിത, സുഭാഷിതങ്ങൾ എന്നിവ രചിച്ച് പതിപ്പ് തയ്യാറാക്കൽ<br>വിവിധ കലാരൂപങ്ങളുടെ അവതരണം. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ | |

* സംസ്കൃത ലൈബ്രറി
സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം
* സംസ്കൃത ദിനാചരണം
സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ
* സംസ്കൃത അസംബ്ലി
വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ
* സംസ്കൃത സംഭാഷണ ശിബിരം
സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ
* പഠനയാത്ര
സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ
* വിവിധ മത്സരങ്ങൾ
കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ

# ഉറുദു.

## ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നു പന്തലിച്ച ഭാഷയാണ് ഉറുദു. ഇന്ന് അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും ഏകതാരത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്. ഊരകത്തൂർ എം.യു.പി സ്കൂളിൽ 2025-26 വർഷത്തിൽ ഉറുദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക ഭൗതിക സാമൂഹ്യപ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉറുദു ഭാഷാപഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉറുദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- ഉറുദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ്സ് കഴിയുമ്പോഴേക്കും ഉറുദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യരചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉറുദു ഭാഷ സംസാരിക്കാൻ കഴിവുണ്ട് എന്ന് ഉറപ്പു വരുത്തുക.
- ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തനോദ്ദേശം | കാലയളവ് | ചുമതല | തുക | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠനം ആസ്വാദ്യം. ഉറുദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, ഉറുദു പത്രങ്ങൾ, വായനക്കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉറുദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 2 | മേരാ അൽഫാസ് - ഉറുദു കൈയ്യെഴുത്ത് മാഗസിൻ. | രചനാശേഷി വളർത്തൽ ഉറുദുവിൽ മികവുറ്റതും ഭംഗിയുള്ളതുമായ കൈയെഴുത്ത് എന്നി ലക്ഷ്യപൂർത്തീകരണം, കുട്ടികളിലെ സർഗ്ഗാത്മകത. | 650, 1ൽ വീതം | ഉറുദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 3 | പൊതുവിജ്ഞാനം. | പൊതുവായതും ഉറുദുവിൽ ഉള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | 650-1-ൽ വീതം | | | |

| നമ്പർ | പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|---|
| 4 | ഉറുദു ദിനം | ടാലന്റ് മീറ്റ് അക്ഷര ഘോഷം ഭാഷാ സെമിനാർ [illegible] പതിപ്പ് | അതാത് ദിനങ്ങളിൽ | ഉറുദു ക്ലബ് | 2000 |
| 5 | വായന, ആസ്വാദനം | കുട്ടി വായന ആഴ്ചയും കുറിപ്പും വായന, ആസ്വാദനക്കുറിപ്പ് പുസ്തക ചർച്ച ക്വിസ് മത്സരം | ഒരു വർഷം | ഉറുദു ക്ലബ് | 700 |
| 6 | ഉറുദു സാഹിത്യത്തെ പരിചയപ്പെടൽ | ഉറുദു സാഹിത്യരചനകളും സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉറുദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുക. | വർഷത്തിൽ [illegible] | ഉറുദു ക്ലബ് | 600 |

# Academic Master Plan

## Uralloor MUP School

**Subject : English**

**Year** : 2025-26

**Name of the Teacher** : Anuvindha O

### Introduction:

The classroom must be organised in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner. They might have some loss of basics skills. There may be learning gap and so many challenges among students regarding to ***LISTENING, SPEAKING, READING and WRITING SKILLS.*** The followings are some activities to develop these skills and overcome the challenges.

### Objectives:

- **To include all students in English language learning process.**
- **To enrich and enhance the language proficiency of the learner.**
- **To support and motivate the low proficient learners by scaffolding.**
- **To make the learning process enjoyable by group level competitions and peer group learning.**

### Target students: All students.

Status Study (അവസ്ഥാ വിശകലനം ) and Pre Planning

**Pre-Test ( Grouping. Selecting LITTLE MENTORS based on best performance in pre-test. Group level competitions under the leadership of LITTLE MENTORS.)**

## CONTINUOUS EVALUATION & SCORING.

All textual activities will be evaluated and scored ( as group level competition ) according to their performance.

**Time Duration : June to February**

English Language Club - UP

| No | Area | Activities | Duration | Finance | Remarks |
|---|---|---|---|---|---|
| 1 | Reading | Card Reading Competition. ( Simple Poems and Stories ) | July | | |
| 2 | Reading, Speaking, Writing | Preparing News Report About the programmes conducted in School | August | | |
| 3 | Speaking | Talk on a Topic / Debate | September | | |
| 4 | Speaking and Writing | Drama Theatre ( Preparing Scripts based on TB and performance – group level competition ) | October | | |
| 5 | Speaking, Reading and Writing | Documentary / Short Film / Reels based on textual lessons | December | | |
| 6 | LSRW | Talent Show ( English Fest ) Victory Celebration, Magazine Publishing and Prize Distribution | February | Rs: 2000 | |